**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2764** **22-01-2021 - ൽ മറുപടിയ്ക്ക്**

**പാലുല്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ. സി . ജോസഫ് ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനം പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (എ) | 2018-ലെയും 2019-ലെയും പ്രളയവും കോവിഡ് വ്യാപനവും പാലുല്പാദനത്തിന്റെ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് തടസ്സമായെങ്കിലും സംഘടിത മേഖലയായ ക്ഷീരസഹകരണ മേഖലയിൽ സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ട്. 2016-17 കാലഘട്ടത്തിൽ 16.27 ലക്ഷം ലിറ്റർ പാൽ പ്രതിദിനം സഹകരണ മേഖലയിൽ സംഭരിച്ചപ്പോൾ 2020 ഡിസംബർ മാസം മാത്രം പ്രതിദിനം 21.37 ലക്ഷം ലിറ്റർ പാൽ സഹകരണ മേഖലയിൽ സംഭരിച്ചിട്ടുണ്ട്. മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ ഏകദേശം 2 ലക്ഷം ലിറ്റർ പാൽ പ്രതിദിനം അധികമായി സംഭരിക്കുന്നുണ്ട്. ഇങ്ങനെ അധികമായി സംഭരിക്കുന്ന പാൽ തിരുവനന്തപുരം, എറണാകുളം മേഖലായൂണിയനുകൾക്ക് നൽകുകയും ബാക്കിവരുന്ന ഏകദേശം 95000 മുതൽ 1 ലക്ഷം ലിറ്റർ പാൽ വരെ തമിഴ്നാട്ടിലേയ്ക്ക് അയച്ച് പാൽപ്പൊടിയായി സൂക്ഷിക്കുകയും ചെയ്യുന്നു. സഹകരണ മേഖലയിൽ കഴിഞ്ഞ കുറച്ചു മാസങ്ങളായി തുടരുന്നതായ surplus milk സ്ഥിതിവിശേഷം സ്വയം പര്യാപ്തത സ്ഥിരമായി കൈവരിച്ചു എന്ന് അനുമാനിക്കുന്നതിന് സാധിക്കുന്നതാണ്. Surplus milk പാൽപ്പൊടിയാക്കുന്നതിന് മിൽമയുടെ ആഭിമുഖ്യത്തിൽ ഒരു പാൽപ്പൊടി നിർമ്മാണ ഫാക്ടറി ആരംഭിക്കാൻ നടപടി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. സാധാരണഗതിയിൽ ക്ഷീരകർഷകർ വീട്ടാവശ്യവും പ്രാദേശിക വില്പനയും കഴിഞ്ഞതിന് ശേഷം മിച്ചം വരുന്ന പാലാണ് സംഘങ്ങളിൽ അളക്കുന്നത്. അതുകൊണ്ടുതന്നെ സഹകരണ മേഖലയിൽ കാണുന്ന ഈ surplus |

| | | | |
|---|---|---|---|
| | | | സ്വയം പര്യാപ്തത കൈവരിച്ചു എന്നതിന്റെ നിദാനമാണ്. |
| (ബി) | ക്ഷീരകർഷകരുടെ സാമൂഹികസാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | (ബി) | ക്ഷീരകർഷകരുടെ സാമൂഹിക ഉന്നമനത്തിനായി ക്ഷീരകർഷക പെൻഷൻ, കുടുംബ പെൻഷൻ, കുട്ടികളുടെ വിദ്യാഭ്യാസ ധനസഹായം, കർഷകരുടെ ചികിത്സാ ധനസഹായം, കൂടാതെ, ക്ഷീരസാന്ത്വനം (സമഗ്ര ഇൻഷുറൻസ്) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ക്ഷീരകർഷകരുടെ സാമ്പത്തിക ഉന്നമനത്തിനായി മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി, ക്ഷീരഗ്രാമം പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, പാലിന് മിൽക്ക് ഇൻസെന്റീവ് എന്നിവയും നടപ്പാക്കുന്നു. |

സെക്ഷൻ ഓഫീസർ